സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

# കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

## കേരള സംസ്ഥാന യുവശാസ്ത്രജ്ഞ പുരസ്കാരം 2025

കേരളത്തിലെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ ശ്രദ്ധേയമായ ഗവേഷണ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള യുവശാസ്ത്രജ്ഞരെ ആദരിക്കുന്നതിനായാണ് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഈ പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയിൽ ജനിച്ച കേരളത്തിൽ ശാസ്ത്ര- സാങ്കേതിക മേഖലകളിൽ ഗവേഷണം നടത്തുന്ന 37 വയസ്സ് വരെയുള്ള യുവശാസ്ത്രജ്ഞർക്ക് 14 വിഭാഗങ്ങളിലായി ഈ പുരസ്കാരത്തിന് അപേക്ഷിക്കാം. പുരസ്കാര ജേതാക്കൾക്ക് 50,000 രൂപയും പ്രശസ്തി പത്രവും മുഖ്യമന്ത്രിയുടെ സ്വർണ പതക്കവും ലഭിക്കും. തുടർന്ന് ഗവേഷണ പ്രോജക്ട് ചെയ്യുവാനുള്ള അവസരവും പ്രബന്ധാവതരണത്തിനായി വിദേശ സന്ദർശനത്തിനുള്ള യാത്രാ ഗ്രാന്റും ലഭിക്കുന്നതാണ്.

നിർദ്ദിഷ്ട ഫോർമാറ്റിലുള്ള നാമനിർദ്ദേശങ്ങൾ എല്ലാ അനുബന്ധ രേഖകളും സഹിതം KSCSTE വെബ്സൈറ്റ് (www.kscste.kerala.gov.in) വഴി 2025 ഓഗസ്റ്റ് 31-നോ അതിനുമുമ്പോ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.